# വിശ്വ അധികാരിയുടെ നേരിട്ടുള്ള കുട്ടികളാണ് ഈ സ്മൃതിയെ പ്രത്യക്ഷത്തിൽ വെച്ച് സർവ ശക്തികളെയും ആജ്ഞയിലൂടെ നടത്തിക്കൂ

ഇന്ന് നാനാഭാഗത്തും സ്നേഹത്തിന്റെ അലകളിൽ എല്ലാ കുട്ടികളും ലയിച്ചിരിക്കുന്നു. എല്ലാവരുടെയും ഹൃദയത്തിൽ വിശേഷിച്ച് ബ്രഹ്മാ ബാബയുടെ സ്മൃതി പ്രത്യക്ഷമാണ്. അമൃതവേള മുതൽ സാകാരപാലനക്കാരായ രത്നങ്ങളും ഒപ്പം അലൗകിക പാലനക്കാരായ രത്നങ്ങളും ഇരു കൂട്ടരുടെയും ഹൃദയത്തിന്റെ ഓർമകളുടെ മാലകൾ ബാപ്ദാദയുടെ അടുക്കൽ എത്തിച്ചേർന്നിട്ടുണ്ട്. എല്ലാവരുടെയും ഹൃദയത്തിൽ ബാപ്ദാദയുടെ സ്മൃതിയുടെ ചിത്രം കാണപ്പെടുകയാണ്, ബാബയുടെ ഹൃദയത്തിൽ സർവ കുട്ടികളുടെയും സ്നേഹം നിറഞ്ഞ ഓർമ അടങ്ങിയിട്ടുണ്ട്. എല്ലാവരുടെയും ഹൃദയത്തിൽ ഒരേ സ്നേഹം നിറഞ്ഞ ഗീതം മുഴങ്ങിക്കൊണ്ടിരിക്കുന്നു എന്റെ ബാബ. ബാബയുടെ ഹൃദയത്തിൽ നിന്ന് ഇതേ ഗീതം മുഴങ്ങുകയാണ് എന്റെ മധുരമധുരമായ കുട്ടികളേ. ഈ സ്വതസിദ്ധ ഗീതം, അനവദ്യഗീതം എത്ര പ്രിയങ്കരമാണ്. ബാപ്ദാദ നാനാഭാഗത്തെയും കുട്ടികൾക്ക് സ്നേഹം നിറഞ്ഞ സ്മൃതിയുടെ പകരമായി ഹൃദയത്തിന്റെ സ്നേഹം നിറഞ്ഞ ആശീർവാദങ്ങൾ കോടി മടങ്ങ് നൽകുകയാണ്.

ബാപ്ദാദ കണ്ടു കൊണ്ടിരിക്കുകയാണ് ഇപ്പോഴും ദേശവിദേശത്ത് കുട്ടികൾ സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞിരിക്കുകയാണ്. ഈ സ്മൃതി ദിവസം വിശേഷിച്ച് എല്ലാ കുട്ടികളും സമർത്ഥമാകുന്നതിനുള്ള ദിവസമാണ്. ഇന്നത്തെ ദിവസം ബ്രഹ്മാബാബയിലൂടെ കുട്ടികളുടെ കിരീട ധാരണത്തിന്റെ ദിനമാണ്. ബ്രഹ്മാബാബ നിമിത്ത കുട്ടികളെ വിശ്വ സേവനത്തിന്റെ ഉത്തരവാദിത്വത്തിന്റെ കിരീടം അണിയിച്ചു. സ്വയം അജ്ഞാതനായി, കുട്ടികൾക്ക് സാകാര സ്വരൂപത്തിൽ നിമിത്തമാകുവാനുള്ള സ്മൃതിയുടെ തിലകം നൽകി. സ്വയത്തെപ്പോലെ അവ്യക്ത മാലാഖാസ്വരൂപത്തിന്റെ, പ്രകാശത്തിന്റെ കിരീടം അണിയിച്ചു. സ്വയം ചെയ്യിക്കുന്ന ആളായി, ചെയ്യുന്നവരാക്കി കുട്ടികളെ മാറ്റി. അതിനാൽ ഈ ദിവസത്തെ സ്മൃതിദിവസത്തിൽ നിന്ന് സമർത്ഥി ദിവസം എന്ന് പറയുന്നു. കേവലം സ്മൃതി അല്ല സ്മൃതിയോടൊപ്പം ഒപ്പം സർവ്വ സമർത്ഥതകളും(ശക്തികൾ) കുട്ടികൾക്ക് വരദാനമായി പ്രാപ്തമാണ്. ബാപ്ദാദ എല്ലാ കുട്ടികളെയും സർവ്വസ്മൃതികളുടെയും സ്വരൂപമായി കാണുകയാണ്. മാസ്റ്റർ സർവ്വ ശക്തിവാൻ സ്വരൂപത്തിൽ കാണുകയാണ്. ശക്തിമാൻ അല്ല സർവ്വശക്തിവാൻ. ഈ സർവ്വശക്തികളും ബാബയിലൂടെ ഓരോ കുട്ടികൾക്കും വരദാനമായി ലഭിച്ചിട്ടുള്ളതാണ്. ദിവ്യജന്മം എടുത്തപ്പോഴേ ബാപ്ദാദ വരദാനം നൽകി സർവ്വശക്തിവാൻ ഭവ! ഇത് ഓരോ ജന്മദിനത്തിന്റെയും വരദാനമാണ്. ഈ ശക്തികളെ പ്രാപ്തമാക്കി വരദാന രൂപത്തിൽ കാര്യത്തിൽ ഉപയോഗിക്കൂ. ശക്തികൾ ഓരോ കുട്ടികൾക്കും ലഭിച്ചിട്ടുണ്ട് എന്നാൽ കാര്യത്തിൽ ഉപയോഗിക്കുന്നതിൽ യഥാക്രമം ആയി പോകുന്നു. ഓരോ ശക്തികളുടെയും വരദാനത്തെ സമയാനുസരണം ഓർഡർ ചെയ്യാനാകും. അഥവാ വരദാതാവിന്റെ വരദാനത്തിന്റെ സ്മൃതിസ്വരൂപമായി സമയാനുസരണം ഏതെങ്കിലും ശക്തിയെ ഓർഡർ ചെയ്യുമെങ്കിൽ ഓരോ ശക്തിയും ഹാജരാവുക തന്നെ വേണം. വരദാനത്തിന്റെ പ്രാപ്തിയുടെ അധികാരത്തിന്റെ സ്മൃതി സ്വരൂപത്തിലാണ് എങ്കിൽ താങ്കൾ ആജ്ഞാപിക്കുകയും ശക്തി സമയത്ത് കാര്യത്തിൽ വരാതിരിക്കുകയും ഇത് സംഭവിക്കുകയില്ല. പക്ഷേ അധികാരി മാസ്റ്റർ സർവ്വശക്തിവാന്റെ സ്മൃതിയുടെ സീറ്റിൽ സെറ്റ് ആകണം, സീറ്റിൽ സെറ്റ് ആകാതെ ആരും ആജ്ഞ അംഗീകരിക്കുകയില്ല. കുട്ടികൾ പറയുന്നു ബാബാ ഞങ്ങൾ അങ്ങയെ ഓർമിക്കുന്നു, അപ്പോൾ താങ്കൾ ഹാജരാകുന്നു, പ്രഭു ഹാജരായി മാറുന്നു. പ്രഭുവിന് ഹാജരാകാം എങ്കിൽ ശക്തി എന്തുകൊണ്ട് ഹാജരായിക്കൂടാ! കേവലം വിധിപൂർവ്വം അധികാരത്തിന്റെ അതോറിറ്റിയിലൂടെ ഓർഡർ ചെയ്യൂ. ഈ സർവ്വശക്തികളും സംഗമയുഗത്തിന്റെ വിശേഷപരമാത്മാ സ്വത്താണ്. ഈ സ്വത്ത് ആർക്കുവേണ്ടിയാണ്? കുട്ടികൾക്ക് വേണ്ടിയാണ് സ്വത്ത്. അപ്പോൾ അധികാരത്തോടെ സ്മൃതി സ്വരൂപത്തിന്റെ സീറ്റിൽ നിന്ന് ഓർഡർ ചെയ്യൂ, എന്തിന് പ്രയത്നിക്കണം, ഓർഡർ ചെയ്യൂ. വിശ്വത്തിന്റെ അധികാരിയുടെ നേരിട്ടുള്ള കുട്ടികളാണ് ഈ സ്മൃതിയുടെ ലഹരി സദാ പ്രത്യക്ഷമായിരിക്കട്ടെ.

അവനവനെ പരിശോധിക്കു വിശ്വത്തിന്റെ സർവശക്ത അതോറിറ്റിയുടെ അധികാരി ആത്മാവാണ്, ഈ സ്മൃതി സ്വതവേ തന്നെയുണ്ടോ? ഉണ്ടോ അതോ ഇടയ്ക്കിടെ ഇരിക്കുന്നുണ്ടോ? ഇന്നത്തെ കാലത്ത് അധികാരം നേടാൻ തന്നെ വഴക്കാണ്. താങ്കളെല്ലാവർക്കും പരമാത്മ അധികാരം, പരമാത്മ അതോറിറ്റി ജന്മനാ തന്നെ പ്രാപ്തമാണ്. അപ്പോൾ തന്റെ അധികാരത്തിന്റെ സമർഥതയിൽ കഴിയൂ. സ്വയവും സമർഥമായിരിക്കൂ, സർവ ആത്മാക്കൾക്കും സമർഥത പകരൂ. സർവ ആത്മാക്കളും ഈ സമയം സമർഥത അതായത് ശക്തികളുടെ യാചകരാണ്, താങ്കളുടെ ജഡ ചിത്രങ്ങളുടെ മുന്നിൽ യാചിച്ചു കൊണ്ടിരിക്കുന്നു.

അപ്പോൾ ബാബ പറയുന്നു  ഹേ സമർഥ ആത്മാക്കളേ സർവ ആത്മാക്കൾക്കും ശക്തി നൽകൂ, സമർഥത നൽകൂ. ഇതിനുവേണ്ടി കേവലം ഒരു കാര്യത്തിന്റെ ശ്രദ്ധ ഓരോ കുട്ടികൾക്കും വെക്കേണ്ടത് ആവശ്യമാണ്. ബാപ്ദാദ എന്ത് സൂചന നൽകിയോ, ബാപ്ദാദ റിസൽറ്റിൽ കണ്ടു  ഭൂരിഭാഗം കുട്ടികളുടെയും സങ്കൽപവും സമയവും വ്യർഥമായി പോകുന്നു. വൈദ്യുതിയുടെ കണക്ഷൻ അഥവാ അൽപമെങ്കിലും ലൂസ് അല്ലെങ്കിൽ ലീക്ക് ആയാൽ ലൈറ്റ് ശരിയായി വരികയില്ല എന്ന പോലെ. അപ്പോൾ ഈ വ്യർഥ സങ്കൽപത്തിന്റെ ലീക്കേജ് സമർഥ സ്ഥിതിയെ സദാകാലത്തെ സ്മൃതിയുണ്ടാക്കാൻ അനുവദിക്കുകയില്ല, അതിനാൽ വേസ്റ്റിനെ ബെസ്റ്റിലേക്ക് മാറ്റൂ. മിച്ചത്തിന്റെ സ്കീം ഉണ്ടാക്കൂ. ശതമാനമെടുക്കൂ  മുഴുവൻ ദിവസത്തിൽ വേസ്റ്റ് എത്ര ഉണ്ടായി, ബെസ്റ്റ് എത്ര ഉണ്ടായി? അഥവാ 40 ശതമാനം വേസ്റ്റ്, 20 ശതമാനം വേസ്റ്റ് ആണെന്ന് കരുതൂ, അതിനെ സംരക്ഷിക്കൂ. ഇങ്ങനെ കരുതരുത്  അൽപമേ വേസ്റ്റ് ആയി പോകുന്നുള്ളൂ, ബാക്കി മുഴുവൻ ദിവസം ശരിയായിരിക്കുന്നു. എന്നാൽ ഈ വ്യർത്ഥത്തിന്റെ ശീലം വളരെ സമയത്തെ ശീലമാകുന്നതിനാൽ അവസാന മണിക്കൂറിൽ വഞ്ചിച്ചേക്കാം. യഥാക്രമമമാക്കിയേക്കും , നമ്പർ വൺ ആകാൻ അനുവദിക്കുകയില്ല. ബ്രഹ്മാബാബ ആദിയിൽ തന്റെ പരിശോധനയ്ക്ക് വേണ്ടി എന്നും രാത്രി ദർബാർ വിളിച്ചിരുന്നത് പോലെ. ആരുടെ ദർബാർ? കുട്ടികളുടെ അല്ല, തന്റെ തന്നെ കർമ്മേന്ദ്രിയങ്ങളുടെ ദർബാർ കൂടിയിരുന്നു. ആജ്ഞ പുറപ്പെടുവിച്ചു  ഹേ മനസ്സാകുന്ന മുഖ്യമന്ത്രി, നിന്റെ ഈ പെരുമാറ്റം നല്ലതല്ല, ആജ്ഞയിൽ നടക്കു. ഹേ സംസ്കാരമേ ആജ്ഞയിൽ നടക്കു, എന്താണ് ഇളക്കത്തിനുള്ള കാരണം, അതിന്റെ നിവാരണം ചെയ്യൂ. എന്നും പതിവായി ഒഫീഷ്യൽ ദർബാർ കൂടി. ഇങ്ങനെയെന്നും തന്റെ സ്വരാജ്യ ദർബാർ വിളിക്കു. പല കുട്ടികളും ബാപ്ദാദയോട് മധുര മധുരമായ ആത്മീയ സംഭാഷണം ചെയ്യുന്നു. വ്യക്തിപരമായ സംഭാഷണം ചെയ്യുന്നു. പറയട്ടെ. പറയാറുണ്ട് എനിക്ക് സ്വന്തം ഭാവി ചിത്രം പറഞ്ഞു തരൂ ഞാൻ എന്താകും ആദിരത്നങ്ങൾക്ക് ഓർമ്മയുണ്ടാകും ജഗദംബ അമ്മയോട് എല്ലാ കുട്ടികളും തന്റെ ചിത്രം ചോദിക്കുമായിരുന്നു മമ്മാ ഞങ്ങളുടെ ചിത്രം തരുമോ, ഞങ്ങൾ എങ്ങനെയാണ്. അപ്പോൾ ബാപ്ദാദയോടും ആത്മീയ സംഭാഷണം ചെയ്ത് തന്റെ ചിത്രം ചോദിക്കുന്നു. താങ്കൾ എല്ലാവരുടെയും ഹൃദയത്തിൽ ഉണ്ടാകും ഞങ്ങൾക്കും ചിത്രം ലഭിച്ചെങ്കിൽ നല്ലതായിരുന്നു . എന്നാൽ ബാപ്ദാദ പറയുന്നു ബാപ്ദാദ ഓരോ കുട്ടികൾക്കും ഒരു വിചിത്ര ദർപ്പണം നൽകിയിട്ടുണ്ട്, ആ ദർപ്പണം ഏതൊന്നാണ്? വർത്തമാനസമയം താങ്കൾ സ്വരാജ്യ അധികാരി അല്ലേ! സ്വരാജ്യ അധികാരി ആണോ? ആണെങ്കിൽ കൈ ഉയർത്തൂ. സ്വരാജ്യ അധികാരിയാണോ? നല്ലത്. ചിലർ ഉയർത്തുന്നില്ല. കുറേശ്ശെ കുറേശ്ശെ ആണോ? ശരി.

എല്ലാവരും സ്വരാജ്യ അധികാരിയാണ് ആശംസകൾ. അപ്പോൾ സ്വരാജ്യഅധികാരത്തിന്റെ ചാർട്ട് താങ്കൾക്ക് ഭാവി പദവിയുടെ മുഖം കാണിക്കുന്നതിനുള്ള ദർപ്പണമാണ്. ഈ ദർപ്പണം എല്ലാവർക്കും ലഭിച്ചിട്ടുണ്ടല്ലോ? വ്യക്തമല്ലേ? കറുത്ത കറയൊന്നും വീണിട്ടില്ലല്ലോ! ശരി കറയൊന്നും ഉണ്ടാകില്ല, എന്നാൽ ഇടയ്ക്കിടെ ചൂടുവെള്ളത്തിന്റെ നീരാവി കണ്ണാടിക്ക് മേൽ പതിഞ്ഞാൽ കണ്ണാടി വ്യക്തമായി കാണുകയില്ല കണ്ണാടിക്കു മോൽ ഒരു പുക പോലെയുണ്ടാകുന്നു, കുളിക്കുന്ന സമയത്ത് എല്ലാവർക്കും അനുഭവമുണ്ടാകും. അപ്പോൾ ഇങ്ങനെ അഥവാ ഏതെങ്കിലും ഒരു കർമ്മേന്ദ്രിയം എങ്കിലും ഇപ്പോൾ വരെയും താങ്കളുടെ പൂർണ്ണ നിയന്ത്രണത്തിൽ അല്ല എങ്കിൽ, നിയന്ത്രണത്തിലുണ്ട് പക്ഷേ ഇടയ്ക്കിടെ അല്ലാതെയും വരുന്നു. അഥവാ ഏതെങ്കിലും ഒരു കർമ്മേന്ദ്രിയം എന്നു കരുതു  കണ്ണാകട്ടെ, വായ് ആകട്ടെ, ചെവി ആകട്ടെ, പാദം ആകട്ടെ, പാദവും ഇടയ്ക്കിടെ മോശം കൂട്ടുകെട്ടിന് നേർക്ക് നടന്നു പോകുന്നു അപ്പോൾ പാദത്തിന്റെയും നിയന്ത്രണം ഉണ്ടായില്ലല്ലോ. കൂട്ടുകെട്ടിൽ ഇരുന്നു പോകും, രാമായണത്തിന്റെയും ഭാഗവതത്തിന്റെയും തലതിരിഞ്ഞ കഥകൾ കേൾക്കും, നേരെയുള്ളതല്ല. അപ്പോൾ ഏതെങ്കിലും കർമ്മേന്ദ്രിയം സങ്കല്പം, സമയം സഹിതം അഥവാ നിയന്ത്രണത്തിൽ ഇല്ലായെങ്കിൽ ഇതിലൂടെ തന്നെ പരിശോധിക്കു സ്വരാജ്യത്തിൽ നിയന്ത്രണശക്തി ഇല്ലായെങ്കിൽ വിശ്വരാജ്യത്തിന്റെ നിയന്ത്രണം എന്ത് ചെയ്യും! അപ്പോൾ രാജാവ് എങ്ങനെയാകും? അവിടെയെല്ലാം കൃത്യമായിട്ടുള്ളതാണ്. നിയന്ത്രണശക്തി, ഭരണശക്തി സ്വതവേ തന്നെ സംഗമയുഗത്തിന്റെ പുരുഷാർത്ഥത്തിന്റെ പ്രാലബ്ധത്തിന്റെ രൂപത്തിൽ ഉണ്ടായിരിക്കുന്നു. അപ്പോൾ സംഗമയുഗം അർത്ഥം വർത്തമാനസമയം അഥവാ നിയന്ത്രണശക്തി, ഭരണശക്തി കുറവാണെങ്കിൽ, പുരുഷാർഥം കുറവെങ്കിൽ പ്രാലബ്ധം എന്താകും? കണക്കെടുക്കുന്നതിൽ സമർത്ഥരല്ലേ! അപ്പോൾ ഈ കണ്ണാടിയിൽ തന്റെ മുഖം നോക്കൂ. രാജാവിന്റെയാണോ വരുന്നത്, രാജകുടുംബത്തിന്റെയാണോ വരുന്നത്, രാജകീയ പ്രജയുടേതാണോ വരുന്നത്, സാധാരണ പ്രജയുടെ ആണോ വരുന്നത്, ഏതു മുഖമാണ് വരുന്നത്? അപ്പോൾ ചിത്രം ലഭിച്ചോ? ഈ ചിത്രത്തിലൂടെ പരിശോധിക്കുക. പതിവായി പരിശോധിക്കുക, എന്തെന്നാൽ വളരെ കാലത്തെ പുരുഷാർത്ഥത്തിലൂടെ വളരെ കാലത്തെ രാജ്യഭാഗ്യത്തിന്റെ പ്രാപ്തിയാണ്. അഥവാ താങ്കൾ ചിന്തിക്കുകയാണ്  അന്തിമ സമയത്ത് പരിധിയില്ലാത്ത വൈരാഗ്യം വരിക തന്നെ ചെയ്യും, പക്ഷേ അന്തിമസമയത്ത് വരും, അപ്പോൾ വളരെക്കാലമായോ അതോ കുറച്ചുകാല

മായോ? വളരെക്കാലം എന്ന് പറയുകയില്ലല്ലോ! അപ്പോൾ 21 ജന്മം പൂർണ്ണമായി തന്നെ രാജ്യഅധികാരി ആവുക, സിംഹാസനത്തിൽ ഇരുന്നില്ലെങ്കിലും പക്ഷേ രാജ്യഅധികാരിയാണ്. ഈ വളരെക്കാല പുരുഷാർത്ഥത്തിന് വളരെ കാലത്തെ പ്രാലബ്ധവുമായി ബന്ധമുണ്ട്. അതിനാൽ അലസരാകരുത്. ഇപ്പോൾ വിനാശത്തിന്റെ തീയതി നിശ്ചയിക്കപ്പെട്ടിട്ടേയില്ല, അറിയുകയേയില്ല. എട്ടു വർഷമാകാം,10 വർഷം ആകാം അറിയുകയേയില്ല. അപ്പോൾ വരാനുള്ള സമയത്ത് ആയിക്കോളും, അല്ല. അന്തിമകാലം ആലോചിക്കുന്നതിനു മുമ്പ് തന്റെ ജന്മത്തിന്റെ അന്തിമകാലം ആലോചിക്കുക. താങ്കളുടെ പക്കൽ തീയതി നിശ്ചയിക്കപ്പെട്ടതാണോ, ആരുടെയെങ്കിലും അടുക്കൽ ഉണ്ടോ ഈ തീയതിയിൽ എന്റെ മൃത്യു ഉണ്ടാകും എന്ന്. ഇല്ലല്ലോ! അന്തിമം സംഭവിക്കുക തന്നെ വേണം സമയത്ത് ഉണ്ടാവുകയും ചെയ്യും പക്ഷേ ആദ്യം അവനവന്റെ അന്തിമകാലം ചിന്തിക്കൂ. ജഗദംബയുടെ സ്ലോഗൻ ഓർമ്മിക്കൂ. എന്തായിരുന്നു സ്ലോഗൻ? ഓരോ നിമിഷവും തന്റെ അന്തിമനിമിഷമെന്ന് മനസ്സിലാക്കൂ. അപ്രതീക്ഷിതമായി സംഭവിക്കണം. തീയതി പറഞ്ഞിട്ട് വരികയില്ല. വിശ്വത്തിന്റെയും താങ്കളുടെ അന്തിമനിമിഷത്തിന്റെയും. എല്ലാം അപ്രതീക്ഷിതമായ കളിയാണ്. അതിനാൽ ദർബാർ വിളിക്കൂ, ഹേ രാജാവേ സ്വരാജ്യ അധികാരി രാജാവേ തന്റെ ദർബാർ കൂടൂ. ആജ്ഞയിൽ നടത്തിക്കൂ എന്തെന്നാൽ ഭാവിയുടെ മഹിമയാണ് നിയമവും ക്രമവും ഉണ്ടാകും. സ്വതവേ തന്നെ ഉണ്ടാകും. സ്നേഹത്തിന്റെയും നിയമത്തിന്റെയും രണ്ടിന്റെയും സന്തുലനം ഉണ്ടാകും. സ്വാഭാവികമാകും. രാജാവ് ഒരു നിയമവും പാസാക്കുകയില്ല ഇത് നിയമം ആക്കുന്നു. ഇന്നത്തെ കാലത്ത് നിയമം ഉണ്ടാക്കുന്നത് പോലെ. ഇന്നത്തെ കാലത്ത് പോലീസുകാരും നിയമം കയ്യിലെടുക്കുന്നു. എന്നാൽ അവിടെ സ്വാഭാവികമായി സ്നേഹത്തിന്റെയും നിയമത്തിന്റെയും സന്തുലനം ഉണ്ടാകും.

ഇപ്പോൾ സർവ്വശക്ത അധികാരിയുടെ സീറ്റിൽ സെറ്റായിരിക്കൂ. അപ്പോൾ ഈ കർമ്മേന്ദ്രിയങ്ങൾ,ശക്തികൾ, ഗുണങ്ങൾ എല്ലാം താങ്കളുടെ മുന്നിൽ ശരി തയ്യാർ, ശരി തയ്യാർ പറയും. വഞ്ചിക്കുകയില്ല. ശരി തയ്യാർ. ഇപ്പോൾ എന്ത് ചെയ്യും? അടുത്ത സ്മൃതി ദിവസത്തിൽ എന്ത് പരിപാടി ആഘോഷിക്കും? ഈ ഓരോ സോണിന്റെയും പരിപാടി ആഘോഷിക്കുന്നില്ലേ. സമ്മാൻ സമാരോഹും വളരെ ആഘോഷിച്ചിട്ടുണ്ട്. ഇനി സദാ ഓരോ സങ്കല്പത്തിന്റെയും സമയത്തിന്റെയും സഫലതയുടെ ഉത്സവം ആഘോഷിക്കൂ . ഈ പരിപാടി ആഘോഷിക്കൂ. വേസ്റ്റ് അവസാനിച്ചു എന്തെന്നാൽ താങ്കൾ സഫലതമൂർത്തി ആകുന്നതിലൂടെ ആത്മാക്കൾക്ക് തൃപ്തിയുടെ സഫലത പ്രാപ്തമാകും. നിരാശയിൽ നിന്ന് നാനാഭാഗത്തും ശുഭ ആശകളുടെ ദീപം തെളിയും. ഏതൊരു സഫലത ഉണ്ടാകുമ്പോഴും ദീപം തെളിയിക്കാറുണ്ടല്ലോ! ഇനി വിശ്വത്തിന് ആശകളുടെ ദീപം തെളിയിക്കൂ. ഓരോ ആത്മാവിനും ഉള്ളിൽ എന്തെങ്കിലും നിരാശ ഉണ്ട്, നിരാശകളുടെ കാരണം പരവശതയാണ്, ആധിയിലാണ്. ഹേ അവിനാശി ദീപങ്ങളെ ഇനി ആശകളുടെ ദീപങ്ങളുടെ ദീപാവലി ആഘോഷിക്കൂ. ആദ്യം സ്വയം പിന്നെ സർവ്വരും. കേട്ടോ!

ബാക്കി ബാപ്ദാദ കുട്ടികളുടെ സ്നേഹം കണ്ട് സന്തുഷ്ടനാണ്.സ്നേഹത്തിന്റെ വിഷയത്തിൽ ശതമാനം നല്ലതാണ്. താങ്കൾ ഇത്രയും പരിശ്രമം ചെയ്തു ഇവിടെ എന്തുകൊണ്ട് എത്തിച്ചേർന്നു താങ്കളെ ആര് കൊണ്ടുവന്നു? ട്രെയിൻ കൊണ്ടുവന്നതാണോ, പ്ലെയിൻ കൊണ്ടുവന്നതാണോ, അതോ സ്നേഹം കൊണ്ടുവന്നതാണോ? സ്നേഹത്തിന്റെ പ്ലെയിനിൽ എത്തിച്ചേർന്നിരിക്കുന്നു. ഇപ്പോൾ സ്നേഹത്തിൽ പാസാണ്. ഇപ്പോൾ സർവ്വശക്ത അതോറിറ്റിയിൽ മാസ്റ്ററാണ്, ഇതിൽ പാസാകുക. അപ്പോൾ ഈ പ്രകൃതി, ഈ മായ, ഈ സംസ്കാരം എല്ലാം താങ്കളുടെ ദാസിയായി മാറും. ഓരോ നിമിഷവും കാത്തിരിക്കും യജമാനൻ എന്താണ് ആജ്ഞാപിക്കുന്നത്! ബ്രഹ്മാബാബയും യജമാനനായി ഉള്ളിൽ ഇങ്ങനെ സൂക്ഷ്മ പുരുഷാർത്ഥം ചെയ്തു ബ്രഹ്മാബാബ എങ്ങനെ സമ്പന്നമായി തീർന്നു എന്ന് താങ്കൾക്കറിയാമല്ലോ? കൂട് തുറന്ന് പക്ഷി പറന്നു പോയ പോലെ. സാകാരലോകത്തിന്റെ കർമ്മകണക്കിന്റെ സാകാരശരീരത്തിന്റെ കൂട് തുറന്നു പക്ഷി പറന്നു പോയി. ഇപ്പോൾ ബ്രഹ്മാബാബയും ഒരുപാട് അതീവ സ്നേഹത്തോടെ കുട്ടികളെ പെട്ടെന്ന് വരൂ, പെട്ടെന്ന് വരൂ, പെട്ടെന്ന് വരൂ,ഇപ്പോൾ വരൂ, ഇപ്പോൾ വരു ഈ ആഹ്വാനം ചെയ്തു കൊണ്ടിരിക്കുകയാണ്. അപ്പോൾ ചിറക് ലഭിച്ചുവല്ലോ! ഇപ്പോൾ കേവലം ഒരു സെക്കൻഡിൽ തന്റെ ഹൃദയത്തിൽ ഈ ഡ്രിൽ ചെയ്യു, ഇപ്പോഴിപ്പോൾ ചെയ്യു. എല്ലാ സങ്കല്പങ്ങളും സമാപ്തമാക്കു, ഈ ഡ്രിൽ ചെയ്യൂ ' ഓ ബാബാ മധുരമായ ബാബാ, പ്രിയപ്പെട്ട ബാബാ ഞങ്ങൾ അങ്ങേക്ക് സമാനം അവ്യക്ത രൂപധാരി ആയിക്കഴിഞ്ഞു (ബാപ്ദാദ ഡ്രിൽ ചെയ്യിച്ചു )

ശരി. നാനാഭാഗത്തെയും സ്നേഹിയിൽ സൊ സമർത്ഥരായ കുട്ടികൾക്ക്, നാലുപാടുമുള്ള സ്വരാജ്യ അധികാരിയിൽ നിന്ന് വിശ്വരാജ്യ അധികാരി കുട്ടികൾക്ക്, നാലുപാടും ഉള്ള മാസ്റ്റർ സർവ്വശക്തഅധികാരിയുടെ സീറ്റിൽ സെറ്റ് ആയിരിക്കുന്ന തീവ്ര പുരുഷാർത്ഥി കുട്ടികൾക്ക്, സദാ യജമാനനായി പ്രകൃതിയെ, സംസ്കാരത്തെ, ശക്തികളെ, ഗുണങ്ങളെ ഓർഡർ ചെയ്യുന്ന വിശ്വരാജ്യ അധികാരി കുട്ടികൾക്ക്, ബാബ

യ്ക്ക് സമാനം സമ്പൂർണ്ണതയെയും സമ്പന്നതയെയും സമീപം കൊണ്ടുവരുന്നവരായ ദേശ വിദേശത്തെ ഓരോ സ്ഥലത്തെയും കോണ് കോണിലെയും കുട്ടികൾക്ക് സമർത്ഥ ദിവസത്തിന് ബാപ്ദാദയുടെ സ്നേഹ സ്മരണ, നമസ്തേ.

ഇപ്പോഴിപ്പോൾ ബാപ്ദാദയ്ക്ക് വിശേഷിച്ച് ആരെയാണ് ഓർമ്മവരുന്നത്? ജനക് കുട്ടി. പ്രത്യേകിച്ച് സന്ദേശം നൽകിയിരുന്നു ഞാൻ സഭയിൽ തീർച്ചയായും ഹാജരാകും. ലണ്ടനിൽ ആകട്ടെ,അമേരിക്കയിൽ ആകട്ടെ, ഓസ്ട്രേലിയയിൽ ആകട്ടെ, ആഫ്രിക്കയിൽ ആകട്ടെ, ഏഷ്യയിൽ ആകട്ടെ, ഭാരതത്തിലെയും ഓരോ ദേശത്തെയും സർവ്വ കുട്ടികൾക്ക് ഓരോരുത്തരുടെയും പേരിൽ വിശേഷത സഹിതം സ്നേഹ സ്മരണ. താങ്കൾക്ക് സൻമുഖത്ത് സ്നേഹ സ്മരണ ലഭിച്ചു കൊണ്ടിരിക്കുകയല്ലേ ശരി.

താങ്കൾ മധുബൻകാരെയും ഓർമ്മിച്ചു. ഇവിടെ മുന്നിൽ ഇരിക്കുകയല്ലേ. കൈ ഉയർത്തു മധുബൻകാർ. മധുബന്റെ എല്ലാ കൈകളും. മധുബൻകാർക്ക് വിശേഷിച്ച് ത്യാഗത്തിന്റെ ഭാഗ്യം സൂക്ഷ്മത്തിൽ പ്രാപ്തമാകുന്നു എന്തെന്നാൽ താമസിക്കുന്നത് പാണ്ഡവ ഭവനിലാണ്, മധുബനിലാണ്,ശാന്തിവനിൽ ആണ്. പക്ഷേ കൂടിക്കാഴ്ച നടത്തുന്നവർക്ക് അവസരം ലഭിക്കുന്നു, മധുബൻ സാക്ഷിയായി കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ ഹൃദയത്തിൽ സദാ മധുബനിലുള്ളവരെ ഓർമ്മയുണ്ട്. ഇനി മധുബനിൽ നിന്ന് വ്യർത്ഥത്തിന്റെ പേരടയാളം സമാപ്തമാകട്ടെ. സേവനത്തിൽ, സ്ഥിതിയിൽ എല്ലാറ്റിലും മഹാൻ. ശരിയല്ലേ! മധുബൻനിവാസികളെ മറക്കുന്നില്ല എന്നാൽ മധുബന് ത്യാഗത്തിന്റെ അവസരം നൽകുകയാണ്. ശരി.

## വരദാനം : മസ്തകത്തിലൂടെ സന്തുഷ്ടതയുടെ തിളക്കത്തിന്റെ പ്രകാശം കാണിക്കുന്ന സാക്ഷാൽക്കാര മൂർത്തിയായി ഭവിക്കട്ടെ

ആരാണോ സദാ സന്തുഷ്ടമായി ഇരിക്കുന്നത്, അവരുടെ മസ്തകത്തിലൂടെ സന്തുഷ്ടതയുടെ തിളക്കം സദാ മിന്നി കൊണ്ടിരിക്കുന്നു, അവരെ ഏതൊരു ഉദാസീന ആത്മാവ് അഥവാ കാണുകയാണെങ്കിൽ അവരും സന്തോഷിച്ചു പോകുന്നു. അവരുടെ ഉദാസീനത അകന്നു പോകുന്നു. ആരുടെ അടുക്കൽ സന്തുഷ്ടതയുടെ ആനന്ദത്തിന്റെ ഖജനാവ് ഉണ്ടോ അവരുടെ പിറകെ സ്വതവേ തന്നെ എല്ലാവരും ആകർഷിക്കപ്പെടുന്നു. അവരുടെ സന്തോഷത്തിന്റെ മുഖം ചൈതന്യ ബോർഡായി മാറുന്നു. അത് അനേക ആത്മാക്കൾക്ക് സൃഷ്ടാവിന്റെ പരിചയം നൽകുന്നു. അപ്പോൾ ഇങ്ങനെ സന്തുഷ്ടമായിരിക്കുകയും സർവരേയും സന്തുഷ്ടമാക്കുകയും ചെയ്യുന്ന സന്തുഷ്ടമണികൾ ആകു. അതിലൂടെ അനേകർക്ക് സാക്ഷാത്കാരം ഉണ്ടാകട്ടെ.

## സ്ലോഗൻ – മുറിവേൽപ്പിക്കുന്നവരുടെ ജോലിയാണ് മുറിവേൽപ്പിക്കുക താങ്കളുടെ ജോലിയാണ് അവനവനെ രക്ഷപ്പെടുത്തുക.

**അവ്യക്ത സൂചനകൾ :ഏകാന്തപ്രിയരാകൂ ഏകതയെയും ഏകാഗ്രതയെയും സ്വന്തമാക്കു**
നാളികേരം പൊട്ടിച്ച് ഉദ്ഘാടനം നിർവഹിക്കുന്നത് പോലെ, റിബൺ മുറിച്ച് ഉദ്ഘാടനം ചെയ്യുന്നതുപോലെ ഇങ്ങനെ ഏകമതം, ഏക ബലം, ഏക വിശ്വാസം, ഏകതയുടെ റിബ്ബൺ മുറിക്കൂ, പിന്നീട് സർവരുടെയും സന്തുഷ്ടത, പ്രസന്നതയുടെ നാളികേരമുടയ്ക്കൂ, ഈ വെള്ളം ഭൂമിയിൽ ഒഴുക്കൂ പിന്നെ നോക്കൂ സഫലത എത്രത്തോളം ഉണ്ടാകുന്നു.